# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1675 18.06.2012- ൽ മറുപടിക്ക്**

## വല്ലാർപാടം ടെർമിനലിൽ ആഗോള സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഏറെനാളത്തെ പ്രയത്നത്തിനുശേഷം ലോകത്തെ ഒട്ടു മിക്ക രാജ്യങ്ങളേയും സ്പർശിക്കുന്നതും യൂറോപ്യൻ രാജ്യങ്ങളുമായി നേരിട്ട് ബന്ധിപ്പിക്കുന്നതുമായ നെട്രോ (നോർത്ത് യൂറോപ്പ്-മെഡിറ്ററേനിയൻ-ഓഷ്യാനിയ) സർവ്വീസിൽ ഉൾപ്പെടുത്തിയ വല്ലാർപാടം ടെർമിനലിൽ ആഗോള സർവ്വീസ് നിർത്തലാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) കസ്റ്റംസും സെസ്സും തമ്മിലുള്ള തർക്കത്തെത്തുടർന്ന് സർവ്വീസ് മുടങ്ങുന്നതും നിർത്തലാക്കുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) കസ്റ്റംസും സെസ്സും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ടവരുമായി നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത കാര്യത്തിൽ ഡയറക്ടർ ജനറൽ ഓഫ് എക്സ്പോർട്ട് പ്രൊമോഷൻ കസ്റ്റംസിന്റേയും സെസ്സിന്റേയും |

പ്രവർത്തനങ്ങൾ,
ഉത്തരവാദിത്തങ്ങൾ
എന്നിവ
വ്യക്തമാക്കിക്കൊണ്ട്
18.05.2012-ൽ ഉത്തരവ്
പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ